LIBRARY ARCHIVES Kerala Legislative Assembly

2015-16 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക സഹായം അനുവദിച്ചിരുന്നില്ല. 2017 മുതൽ 2020-21 വരെ ലോൺ ഇനത്തിൽ 75 ലക്ഷം രൂപയും ഗ്രാന്റിനത്തിൽ 150 ലക്ഷം രൂപയും ചേർത്ത് ആകെ 225 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ മോഡേൺ റൈസ്മിൽ സ്ഥാപിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 486 ലക്ഷം രൂപയും കെൽപാമിന് അനുവദിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ വ്യവസായികൾക്ക് ലോക മാർക്കറ്റിൽ ഇടം കണ്ടെത്തൽ**

112(381) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായികൾക്ക് ലോക മാർക്കറ്റിൽ ഇടം കണ്ടെത്തുന്നതിന് കിൻഫ്രയും ഇന്ത്യ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷനും ചേർന്ന് ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വൻകിട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി കാക്കനാട് ലോകോത്തര നിലവാരമുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് വൻകിട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി KINFRA-യും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ITPO-യുമായി ചേർന്ന് സംയുക്ത സംരംഭമായി കാക്കനാട് ലോകോത്തര നിലവാരമുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ ITPO-യുടെ വിഹിതം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ പദ്ധതിയിൽപ്പെടുത്തിയാണ് വിഭാവന ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതി വിഹിതം ITPO-ക്ക് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

113(382) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട്; വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?